**വനിതാ-ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. V. VIGNESHWARI. IAS )

വിഷയം:- വനിതാ-ശിശു വികസന വകുപ്പ് – അങ്കണവാടി പ്രവര്ത്തകരുടെ 2026 ഓഗസ്റ്റ് മാസത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിത ഹോണറേറിയം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. സ.ഉ.(സാ.ധാ.) നം. 263/2024 തീയതി :25/07/2024
2. സ.ഉ.(സാ.ധാ.) നം. 115/2024 തീയതി : 16/03/2024
3. സീനിയർ ഫിനാൻസ് ഓഫീസറുടെ 02-09-2024 ലെ DWCD/1542/2024-A3 നമ്പർ കുറിപ്പ്

**ഉത്തരവ് നം: DWCD/1841/2026-ICDSB6 തീയതി: 22-08-2026**

വനിത ശിശു വികസന വകുപ്പിൻ കീഴിലെ അങ്കണവാടി പ്രവര്ത്തകര്ക്കുള്ള ഹോണറേറിയം 60:40 അനുപാതത്തില് കേന്ദ്ര-സംസ്ഥാന സര്ക്കാര് അനുവദിക്കുന്ന വേതനം, സംസ്ഥാന സര്ക്കാര് അനുവദിക്കുന്ന അധിക വേതനം, തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം എന്നീ മൂന്നു തരത്തില് പ്രതിമാസം അനുവദിച്ചു വരുന്നു. സംസ്ഥാനത്തെ 33120 അങ്കണവാടികളിലെ വർക്കർ, ഹെൽപ്പർമാർക്ക്, 2026 ഓഗസ്റ്റ് മാസത്തെ തദ്ദേശ സ്വയഭരണ സ്ഥാപന വിഹിത ഹോണറേറിയം തുക അനുവദിക്കേണ്ടതുണ്ട്.

ഹോണറേറിയം തുക അനുവദിക്കുന്ന 2235-02-102-34 (NP) ശീർഷകത്തിൽ ഫണ്ട് ലിമിറ്റ് ഉയർത്തി നൽകുന്നതിലേക്കായി സർക്കാരിലേക്ക് അനുമതി ആവശ്യപ്പെട്ടു വരികയാണ്. എന്നാൽ 2024 ആഗസ്റ്റ് മാസം മുതൽ ഫണ്ട് ലിമിറ്റ് ഉയർത്തുന്നതിന് അതത് മാസങ്ങളിൽ തദ്ദേശ സ്വയഭരണ സ്ഥാപന വിഹിത ഹോണറേറിയം തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ലഭ്യമാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതായി പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ അങ്കണവാടി പ്രവർത്തകരുടെ, 2026 ഓഗസ്റ്റ് മാസത്തെ തദ്ദേശസ്വയം ഭരണ സ്ഥാപന വിഹിത ഹോണറേറിയം നൽകുന്നതിന് ആവശ്യമായ 12,08,88,000/- രൂപയിൽ നിന്ന് ജില്ലകളിൽ അവശേഷിക്കുന്ന തുകയായ 30,87,597/- രൂപ കുറച്ച്

11,78,00,403/- (പതിനൊന്ന് കോടി എഴുപത്തി എട്ട് ലക്ഷത്തി നാനൂറ്റി മൂന്ന്) രൂപ മാത്രം 14 ജില്ലാ വനിതാ ശിശു വികസന ആഫീസർമാർക്ക് 2235-02-102-34 (NP) ശീർഷകത്തിൽ നിന്നും ചുവടെ ചേർക്കും പ്രകാരം അനുവദിച്ചുത്തരവാകുന്നു.

| ക്രമ നം | ജില്ല | അങ്കണവാടികളുടെ എണ്ണം | ഒരു മാസം പ്രതീക്ഷിക്കുന്ന പരമാവധി ചെലവ് (AWW @ Rs.2200/-& AWH @ Rs.1450/-) | ഇതുവരെ അലോട്ട് ചെയ്ത തുക | കഴിഞ്ഞ മാസം വരെയുള്ള ചെലവ് | ജില്ലകളിൽ അവശേഷിക്കുന്ന തുക | 2026 ഓഗസ്റ്റ് മാസത്തെ ഓണറേറിയം അനുവദിക്കുന്നതിന് അലോട്ട് ചെയ്യേണ്ട തുക (col. 4 - col.7) |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | Thiruvananthapuram | 3061 | 11172650 | 53873026 | 53489450 | 383576 | 10789074 |
| 2 | Kollam | 2723 | 9938950 | 47716739 | 47372515 | 344224 | 9594726 |
| 3 | Pathanamthitta | 1389 | 5069850 | 24441427 | 24304884 | 136543 | 4933307 |
| 4 | Alapuzha | 2150 | 7847500 | 37849909 | 37662340 | 187569 | 7659931 |
| 5 | Kottayam | 2050 | 7482500 | 36024543 | 35764106 | 260437 | 7222063 |
| 6 | Idukki | 1561 | 5697650 | 27308613 | 27109532 | 199081 | 5498569 |
| 7 | Ernakulam | 2858 | 10431700 | 50358893 | 50082234 | 276659 | 10155041 |
| 8 | Thrissur | 3016 | 11008400 | 53274090 | 52975673 | 298417 | 10709983 |
| 9 | Palakkad | 2838 | 10358700 | 50338502 | 50155417 | 183085 | 10175615 |
| 10 | Malappuram | 3808 | 13899200 | 67851304 | 67591449 | 259855 | 13639345 |
| 11 | Kozhikkodu | 2938 | 10723700 | 52036691 | 51789005 | 247686 | 10476014 |
| 12 | Wayanad | 876 | 3197400 | 15575402 | 15530010 | 45392 | 3152008 |
| 13 | Kannur | 2504 | 9139600 | 44435483 | 44251310 | 184173 | 8955427 |
| 14 | Kasargod | 1348 | 4920200 | 24018762 | 23937862 | 80900 | 4839300 |
| | **Total** | **33120** | **120888000** | **585103384** | **582015787** | **3087597** | **117800403** |

ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ മേൽ പട്ടികയുടെ അടിസ്ഥാനത്തിൽ അങ്കണവാടി പ്രവർത്തകരുടെ 2026 ആഗസ്റ്റ് മാസത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിത ഹോണറേറിയം അലോട്ട്മെന്റായി ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക് നല്കേണ്ടതാണ്.

(ഒപ്പ്)

**വനിതാ-ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിതാ ശിശുവികസന
ഓഫീസർമാർക്ക്

പകർപ്പ് :

1. സൂപ്രണ്ട് അക്കൗണ്ട് സെക്ഷന്
2. എല്ലാ ശിശുവികസനപദ്ധതി ഓഫീസർമാർക്ക്
3 വെബ് സൈറ്റില് പ്രസിദ്ധീകരിക്കുന്നതിന്ന്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്